പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3076 | 22.06.2012- ൽ മറുപടിയ്ക്ക്

## നാടൻ പശു ഇനങ്ങളെ സംരക്ഷിക്കുന്നതിന് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.എം. ആരിഫ് | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി). |
| (എ) കേരളത്തിന്റെ നാടൻ പശു ഇനങ്ങളെ സംരക്ഷിക്കുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ; | (എ) ആവിഷ്കരിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>കേരളത്തിന്റെ തനതുജനസ്സുക്കളായ വെച്ചൂർ പശുക്കളുടെയും, കാസർഗോഡ് ഡ്വാർഫ് പശുക്കളുടെയും മറ്റ് നാടൻ പശുക്കളുടെയും സംരക്ഷണത്തിനായുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. അന്യം നിന്നുകൊണ്ടിരിക്കുന്ന കേരളത്തിന്റെ തനതുജനുസ്സുക്കളെ സംരക്ഷിച്ച് അവയുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനാണ് ടി പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ഇതുവഴി ഓർഗാനിക് ഫാമിംഗ് കേരളത്തിൽ കൂടുതൽ പ്രചരിപ്പിക്കുവാനും ഉദ്ദേശിക്കുന്നു.<br>ഈ പദ്ധതിയുടെ ആദ്യഘട്ടമായി 100 പശുക്കളെയും 20 കാളകളേയും കർഷകരിൽ നിന്നും വാങ്ങുവാൻ ഉദ്ദേശിക്കുന്നു. ഇങ്ങനെ വാങ്ങുന്ന പശുക്കളെ കേരള ലൈവ്സ്റ്റോക്ക് ഡവലപ്പ്മെന്റ് ബോർഡിന്റെ ഫാമിൽ എത്തിച്ച് വിദഗ്ദ്ധരുടെ കീഴിൽ പ്രജനനം നടത്തുന്നതാണ്. കൂടാതെ മികച്ച കാളകളിൽ നിന്നും ബീജോൽപ്പാദനവും ആരംഭിക്കുന്നതാണ്.<br>ഈ വർഷത്തെ ബജറ്റിൽ പദ്ധതി നടത്തിപ്പിനായി 50 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്.<br>കേരളത്തിന്റെ നാടൻ പശു ഇനങ്ങളെ സംരക്ഷിക്കുന്നതിന് 2012-13 വർഷത്തിൽ "2403-102-81- വകുപ്പിന്റെ കീഴിലുള്ള ഫാമുകളുടെ സംരക്ഷണവും ശക്തിപ്പെടുത്തലും" എന്ന ശീർഷകത്തിൽ 700 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളതിൽ കാസർഗോഡ് ബദിയഡുക്ക എന്ന സ്ഥലത്ത് |

'കാസർഗോഡ് ഡ്വാർഫ് ' എന്ന ഇനം നാടൻ പശുക്കളെ സംരക്ഷിക്കുന്നതിന് 100 ലക്ഷം രൂപ ചിലവഴിച്ച് ഒരു ഫാം നിർമ്മിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇതിന് ആവശ്യമായ തുക ചെലവഴിക്കുന്നതിനുള്ള അനുമതി നൽകാനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നുവരുന്നു.

(ബി) ഈ പദ്ധതിയ്ക്ക് കേന്ദ്രസർക്കാരിൽ നിന്നും സഹായം ലഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; കേന്ദ്ര സഹായം ലഭ്യമാക്കിയിട്ടുണ്ടോ-യെന്ന കാര്യം വ്യക്തമാക്കുമോ ?

(ബി) ഉണ്ട്.

വെച്ചൂർ പശുക്കളുടെ സംരക്ഷണത്തിനായി കേരള ലൈവ് സ്റ്റോക്ക് ഡവലപ്പ്മെന്റ് ബോർഡ് സമർപ്പിച്ച 5 ലക്ഷം രൂപയുടെ പദ്ധതി കേന്ദ്ര സഹായത്തിനായി സമർപ്പിച്ചിട്ടുണ്ട്. 2012-13 സാമ്പത്തിക വർഷം 100% കേന്ദ്രാവിഷ്കൃത പദ്ധതിയിൽ 2403-800-75 എന്ന ശീർഷകത്തിൽ 5 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കേന്ദ്രാനുമതി ലഭിക്കുന്ന മുറയ്ക്ക് പദ്ധതി നടപ്പിലാക്കുന്നതാണ്.

സെക്ഷൻ ഓഫീസർ